# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 15

# വാർത്താക്കുറിപ്പ്

---

### പരീക്ഷഫലം

2018 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/67/2019)

2018 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/68/2019)

### ഗസ്റ്റ് അധ്യാപക ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ഗസ്റ്റ് അധ്യാപകരുടെ രണ്ട് ഒഴിവുണ്ട്. മണിക്കൂർ വേതനാടിസ്ഥാനത്തിലാണ് നിയമനം. യു.ജി.സി. മാനദണ്ഡമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവർ അപേക്ഷയും ബയോഡാറ്റയും ജനവരി 22ന് വൈകീട്ട് അഞ്ചിനകം പഠനവകുപ്പിൽ എത്തിക്കണം.

(പി.ആർ.ഒ./39/69/2019)

### സിൻഡിക്കേറ്റ് യോഗം

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ജനവരി 22ന് രാവിലെ 10.30ന് സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/70/2019)

### അനുശോചനയോഗം

പരീക്ഷാവിഭാഗം ജീവനക്കാരിയായിരുന്ന എൽസമ്മ സെബാസ്റ്റ്യന്റെ നിര്യാണത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല അനുശോചിച്ചു. സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ നടന്ന അനുശോചനയോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി അനുശോചന പ്രമേയം അവതരിപ്പിച്ചു. പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ, സർവീസ് സംഘടന നേതാക്കളായ വി.പി. മജീദ്, ജോസ് മാത്യു, പി.കെ. രമേശ് കുമാർ, കെ.ജി. ഷാജി, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/71/2019)

### ഡോ. വെൻ ഹുവാ സണിന്റെ പ്രഭാഷണം ഇന്ന് സമാപിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിലെ രാജ്യാന്തര-അന്തർസർവകലാശാല നാനോ സയൻസ് - നാനോ ടെക്നോളജി കേന്ദ്രത്തിൽ നടക്കുന്ന ചൈനീസ് അക്കാദമി ഓഫ് സയൻസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിസ്ട്രി പ്രൊഫസറായ ഡോ. വെൻ ഹുവാ സണിന്റെ ജ്ഞാന പ്രഭാഷണം ഇന്ന് (ജനവരി 16) സമാപിക്കും.

ഹൈലി ലീനിയർ വിനൈൽ പോളിത്തിലിൻ, ബയോമാസിൽ നിന്ന് രാസത്വരണം വഴിയുണ്ടാകുന്ന ഫൈൻ കെമിക്കലുകൾ എന്നീ വിഷയങ്ങളിൽ അദ്ദേഹം പ്രഭാഷണം നടത്തി. വിദ്യാർഥികളുമായി സംവദിച്ചു. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ പ്രസംഗിച്ചു.

സംസ്ഥാന സർക്കാർ എറഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പരിപാടിയുടെ ഭാഗമായി നൽകിയ എറഡൈറ്റ് പ്രൊഫസർ പദവി സംബന്ധിച്ച രേഖകൾ ഡോ. വെൻ ഹ്വാ സണിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കൈമാറി. ലോകത്തിലെ വിവിധ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറാണ് ഡോ. വെൻ ഹ്വാ സൺ. ലോകത്തിലെ മികച്ച രസതന്ത്ര ഗവേഷണ ലബോറട്ടറികളിൽ പത്താം സ്ഥാനമാണ് ഇദ്ദേഹത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിസ്ട്രിക്കുള്ളത്.

(പി.ആർ.ഒ./39/72/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ